ഇന്ത്യയ്ക്ക് വിട്ടുകിട്ടൽ: അപ്പീലുമായി മല്യ കോടതിയിൽ

ലണ്ടൻ: ഇന്ത്യയിലെ വിവിധ ബാങ്കുകളിൽ നിന്ന് 9000 കോടി രൂപ വായ്പയെടുത്ത് മുങ്ങിയ വ്യവസായി വിജയ് മല്യയെ ഇന്ത്യയ്ക്ക് വിട്ടുനൽകാനുള്ള ബ്രിട്ടീഷ് ആഭ്യന്തര മന്ത്രാലയത്തിന്റെ തീരുമാനത്തിനെതിരെ യു.കെ ഹൈക്കോടതിയിൽ മല്യ അപ്പീൽ നൽകി. മല്യയെ ഇന്ത്യയ്ക്ക് വിട്ടുനൽകാനുള്ള ഉത്തരവിൽ ബ്രിട്ടീഷ് ആഭ്യന്തര സെക്രട്ടറി ഒപ്പുവച്ച് പത്തു ദിവസത്തിനുശേഷമാണ് മല്യ കോടതിയെ സമീപിച്ചിരിക്കുന്നത്. നാലാഴ്ചയ്ക്കകം ഇക്കാര്യത്തിൽ കോടതി നിലപാട് വ്യക്തമാക്കും. അപ്പീൽ നിരസിച്ചാൽ വീണ്ടും പരിഗണിക്കാൻ അപേക്ഷ നൽകാം.

www.keralakaumudi.com | www.facebook.com/keralakaumudi

പാക് വിരുദ്ധ മുദ്രാവാക്യം മുഴക്കി കാശ്മീർ

ജനങ്ങൾ തെരുവിൽ, അക്രമം, നിരോധനാജ്ഞ

ശ്രീനഗർ: ജമ്മുകാശ്മീരിൽ 40 ജവാൻമാരെ കൂട്ടക്കൊലചെയ്ത ഭീകരാക്രമണത്തിൽ പ്രതിഷേധിച്ച് വിവിധ സംഘടനകളുടെ നേതൃത്വത്തിൽ ഇന്നലെ നടന്ന ഹർത്താൽ അക്രമാസക്തമായി. പാകിസ്ഥാന മറുപടി നൽകണമെന്നാവശ്യപ്പെട്ടുള്ള പ്രകടനങ്ങൾ അക്രമാസക്തമായതിനെ തുടർന്ന് താഴ്‌വരയിൽ നിരോധനാജ്ഞ പ്രഖ്യാപിച്ചു. ഹർത്താലിനിടെ നിരവധി വാഹനങ്ങൾ അഗ്നിക്കിരയായി. പാക് പതാകകളും പാക്പ്രധാനമന്ത്രി ഇമ്രാൻഖാന്റെ ചിത്രങ്ങളും കത്തിച്ചായിരുന്നു പ്രതിഷേധം.

പലയിടങ്ങളിലും അക്രമസംഭവങ്ങൾ അരങ്ങേറി. താഴ്‌വരയിലൂടെ സൈനികവാഹനവ്യൂഹം കടന്നുപോകുന്നത് തത്കാലികമായി നിറുത്തി. കാശ്മീരിന് അകത്തും വിവിധ ജില്ലകളിലേക്കുമുള്ള ഗതാഗതവും ഒരു ദിവസത്തേക്കു നിരോധിച്ചു. ജമ്മു ചേംബർ ഒഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രിയും വ്യാപാരി വ്യവസായികളും പ്രതിഷേധത്തിൽ പങ്കുചേർന്നു.

വർഗീയ കലാപത്തിലേക്കു നീങ്ങുംവിധം അക്രമം ശക്തമാകുമോ എന്ന ആശങ്കയിൽ മുൻകരുതലെന്ന നിലയിലാണ് കർഫ്യൂ പ്രഖ്യാപിച്ചതെന്ന് ജമ്മു ഡെപ്യൂട്ടി കമ്മിഷണർ രമേഷ് കുമാർ പറഞ്ഞു. മേഖലയിൽ സമാധാനം നിലനിറുത്തുന്നതിനായി സൈന്യം ഭരണകൂടത്തിന്റെ സഹായം തേടി. അക്രമം നടന്ന പ്രദേശങ്ങളിൽ സൈന്യം ഫ്ലാഗ് മാർച്ച് നടത്തി.

ഭീകരാക്രമണത്തിൽ പ്രതിഷേധിച്ച് ജമ്മു നഗരത്തിൽ വെള്ളിയാഴ്ച ബന്ത് പ്രഖ്യാപിച്ചിരുന്നു. വാഹനങ്ങളൊന്നും നിരത്തിലിറങ്ങിയില്ല. കടകളെല്ലാം അടഞ്ഞുകിടന്നു.

പാകിസ്ഥാൻ വിരുദ്ധ, ഭീകര വിരുദ്ധ മുദ്രാവാക്യങ്ങളുമായി പലയിടത്തും ടയറുകൾ കത്തിച്ച് വഴി മുടക്കിയിരിക്കുകയാണ്. ഭീകരാക്രമണത്തിൽ പ്രതികാരം ചെയ്യണമെന്നാവശ്യപ്പെട്ട് ചിലയിടങ്ങളിൽ റോഡിൽ ബാരിക്കേഡും തീർത്തിട്ടുണ്ട്. ജമ്മുകാശ്മീർ ഹൈക്കോടതി ബാർ അസോസിയേഷന്റെ നേതൃത്വത്തിൽ കോടതി പ്രവർത്തനങ്ങളിൽ നിന്നു വിട്ടുനിന്ന് സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചു.

കാശ്മീരിൽ തെരുവിലിറങ്ങിയ ജനങ്ങൾ അക്രമം അഴിച്ചുവിട്ടപ്പോൾ

ആക്രമിച്ചവർക്ക് ശിക്ഷ ഉറപ്പ് : മോദി

ന്യൂഡൽഹി: പുൽവാമയിലെ ഭീകരാക്രമണത്തിന് രാജ്യം ശക്തമായ മറുപടി നൽകുമെന്നും സുരക്ഷാസേനയ്ക്ക് പൂർണ സ്വാതന്ത്ര്യം നൽകിയിട്ടുണ്ടെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു.

കുറ്റവാളികൾ ശിക്ഷിക്കപ്പെടും. വലിയ തെറ്റാണ് ചെയ്തത്. സഹായിച്ചവരും കുറ്റംചെയ്യാൻ പ്രേരിപ്പിച്ചവരും വലിയ വില കൊടുക്കേണ്ടിവരും. ഇന്ത്യയെ അസ്ഥിരപ്പെടുത്താമെന്ന് പാകിസ്ഥാൻ വ്യാമോഹിക്കേണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു.

നിങ്ങൾക്ക് കടുത്ത രോഷമുണ്ടെന്നും രക്തം തിളയ്ക്കുന്നുണ്ടെന്നുമറിയാം. ശക്തമായി പ്രതികരിക്കണമെന്ന വികാരം സ്വാഭാവികമാണ്. സേനകൾക്ക് പൂർണ സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. സേനയുടെ ധീരതയിലും ശൗര്യത്തിലും എനിക്ക് വിശ്വാസമുണ്ട്. ഭീകര സംഘടനകളോടും അവർക്ക് പിന്നിലുള്ളവരോടും സഹായം ചെയ്യുന്നവരോടും ഒന്നു പറയാനുണ്ട്. നിങ്ങൾ വലിയ തെറ്റ് ചെയ്തിരിക്കുന്നു. വലിയ വില നൽകേണ്ടിവരും.

ഭീകരവിരുദ്ധ പോരാട്ടത്തിൽ രാജ്യം ഒരുമിച്ച് നിൽക്കണം. രാഷ്ട്രീയത്തിന് അതീതമായി ഒറ്റശബ്ദമാകണം. നമ്മളൊറ്റ രാജ്യമാണ്, ഒറ്റ സ്വരമാണ് എന്ന സന്ദേശം ലോകമാകെ എത്തണം. ഭീരുത്വം നിറഞ്ഞ ഹീനകൃത്യങ്ങളിലൂടെ ഇന്ത്യയുടെ മനോവീര്യം കെടുത്താമെന്ന് കരുതുന്നുണ്ടെങ്കിൽ ലോകത്ത് ഇതിനകം ഒറ്റപ്പെട്ട നമ്മുടെ അയൽക്കാർ മായിക ലോകത്താണ്. ഇന്ത്യയെ അസ്ഥിരമാക്കാമെന്ന പകൽസ്വപ്നം അവസാനിപ്പിക്കണം. അത്തരം ശ്രമങ്ങൾ പരാജയപ്പെടും. ഇന്ത്യ വിരണ്ടുപോകില്ല. രാജ്യം ശക്തമായി തിരിച്ചടിക്കും.

ആക്രമണത്തെ അപലപിച്ച് വൻരാജ്യങ്ങൾ ഇന്ത്യയ്ക്കൊപ്പമുണ്ട്. അവർക്ക് നന്ദിപറയുന്നു. ഭീകരതയ്ക്കെതിരായ ആഗോള പോരാട്ടത്തിൽ കൈകോർക്കാൻ അഭ്യർത്ഥിക്കുന്നു- മോദി പറഞ്ഞു.

തിരിച്ചടിക്കാൻ വെല്ലുവിളികൾ ഏറെ

ന്യൂഡൽഹി: സൈനികർക്കു നേരെയുണ്ടായ ഏറ്റവും വലിയ ഭീകരാക്രമണത്തിന് പാകിസ്ഥാൻ വലിയ വില കൊടുക്കേണ്ടി വരുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പ്രഖ്യാപിച്ചെങ്കിലും നേരിട്ട് ഒരു തിരിച്ചടിക്കുള്ള സാദ്ധ്യത ഇല്ലെന്നാണ് പ്രതിരോധ വിദഗ്ദ്ധരുടെ അഭിപ്രായം. സുരക്ഷാ പിഴവുണ്ടായെന്ന വിമർശനം മറയ്ക്കാനും റാഫേൽ ഇടപാടിലെ പ്രതിപക്ഷ ആരോപണം തണുപ്പിക്കാനും പുൽവാമ ആക്രമണത്തെ രാഷ്ട്രീയമായി ഉപയോഗപ്പെടുത്താനായിരിക്കും കേന്ദ്ര സർക്കാരിന്റെ ശ്രമം. ഇന്നത്തെ സർവകക്ഷി യോഗം ഇതു മുന്നിൽ കണ്ടാണ്.

പാകിസ്ഥാനുമായി നേരിട്ടുള്ള യുദ്ധമോ, ഉറി ആക്രമണത്തെ തുടർന്ന് അതിർത്തിയിലെ ഭീകര ക്യാമ്പുകൾ ആക്രമിച്ച സർജിക്കൽ സ്ട്രൈക്ക് പോലുള്ള നടപടികളോ ഉടനുണ്ടാകാൻ സാദ്ധ്യതയില്ല. 44 സി.ആർ.പി.എഫ് ഭടൻമാർ കൊല്ലപ്പെട്ടതിന്റെ പ്രകോപനത്തിൽ ഇന്ത്യ കനത്ത നടപടിക്ക് മുതിരുമെന്ന ഭീതിയിൽ പാകിസ്ഥാൻ അതിർത്തിയിലും ഭീകരക്യാമ്പുകൾ പ്രവർത്തിക്കുന്ന അധിനിവേശ കാശ്മീരിലും കനത്ത ജാഗ്രത പാലിക്കും. വീണ്ടുമൊരിക്കൽ സർജിക്കൽ ആക്രമണം നടത്താൻ തിരഞ്ഞെടുപ്പ് അടുത്തിരിക്കെ കേന്ദ്രസർക്കാരിന് പരിമിതിയുണ്ടെന്നാണ് വിദഗ്ദ്ധരുടെ പക്ഷം. അതിർത്തി പ്രദേശങ്ങളിൽ മഞ്ഞുവീഴ്ച അതിശക്തമായതിനാൽ സൈനിക നടപടിക്ക് പരിമിതി ഉണ്ടെന്നും അവർ പറയുന്നു.

എന്നാൽ പാകിസ്ഥാനെ ആഗോളതലത്തിൽ ഒറ്റപ്പെടുത്താനും ജയ്ഷെ ഭീകരൻ മസൂദ് അസറിനെ വിട്ടുതരണമെന്ന് ആവശ്യപ്പെടാനും ഇന്ത്യ നീക്കം നടത്തിയേക്കും.

രാജ്യം തിരഞ്ഞെടുപ്പിലേക്ക് നീങ്ങുന്നതിനിടെ ഉണ്ടായ ആക്രമണം രാഷ്ട്രീയമായി ഉപയോഗപ്പെടുത്താനാകും മോദി സർക്കാർ മുൻഗണന നൽകുക. റാഫേൽ ഇടപാടിന്റെ പുതിയ വെളിപ്പെടുത്തലുകൾ കോൺഗ്രസ് പാർലമെന്റിലും പുറത്തും ഉന്നയിച്ചത് കേന്ദ്രസർക്കാരിന് ക്ഷീണമായിരുന്നു. റാഫേൽ വിഷയത്തെ തത്കാലം മറവിപ്പിക്കാൻ പുൽവാമ കേന്ദ്രത്തെ സഹായിക്കും. അന്താരാഷ്ട്ര തലത്തിൽ ഇന്ത്യയുടെ നീക്കങ്ങൾക്ക് പിന്തുണ അഭ്യർത്ഥിക്കാനാണ് ഇന്നത്തെ സർവകക്ഷിയോഗം. പാകിസ്ഥാനിൽ നിന്നും ഭീകരിൽ രാജ്യത്തെ സംരക്ഷിക്കാനാണ് മുൻഗണനയെന്ന് കേന്ദ്രസർക്കാർ ചൂണ്ടിക്കാട്ടും. അതേസമയം പുൽവാമയിൽ സുരക്ഷാവീഴ്ച സംഭവിച്ചെന്ന ആരോപണം പ്രതിപക്ഷം ഉന്നയിച്ചേക്കും.

> വലിയ പ്രാധാന്യത്തോടെ പരിഗണിക്കേണ്ട വിഷയമാണ് ഭീകരാക്രമണങ്ങൾ. അന്വേഷണങ്ങളില്ലാതെ പാകിസ്ഥാനെ കുറ്റം പറയരുത്. ആരോപണങ്ങളെ തള്ളിക്കളയുന്നു. ആക്രമണങ്ങളെ ശക്തമായി അപലപിക്കുന്നു.
>
> *-പാകിസ്ഥാൻ*
>
> ആക്രമണത്തെ ശക്തമായി അപലപിക്കുന്നു. പിന്നിൽ പ്രവർത്തിച്ചവരെ നിയമത്തിനു മുന്നിലെത്തിക്കും.
>
> *- ഐക്യരാഷ്ട്ര സഭ*
>
> ഭീകരതയെ പ്രതിരോധിക്കാൻ ഇന്ത്യൻ സർക്കാരിനൊപ്പം പ്രവർത്തിക്കാൻ തയ്യാറാണ്.
>
> *-യു.എസ്*
>
> ഭീകരരെ സംഘടിതമായി ചെറുക്കണം. അതി നിന്ദ്യമായ ആക്രമണത്തിനു പിന്നിൽ പ്രവർത്തിച്ചവർ ശിക്ഷിക്കപ്പെടണം
>
> *-റഷ്യ*
>
> ഇന്ത്യയ്ക്കൊപ്പം കൈകോർത്ത് ഭീകരതയെ പ്രതിരോധിക്കാൻ തയ്യാറാണ്, എന്നും ഇന്ത്യയ്ക്കൊപ്പം. ജവാൻമാരുടെ കുടുംബത്തിന്റെ ദുഃഖത്തിൽ പങ്കുചേരുന്നു
>
> *-ഫ്രാൻസ്*
>
> രാജ്യത്തിന്റെ തന്ത്രപ്രധാന പങ്കാളികളായ ഇന്ത്യയ്ക്കൊപ്പം നിലകൊള്ളുന്നു
>
> *- ജർമ്മനി*
>
> ഭീരുത്വപരമായ ഇത്തരം ആക്രമണങ്ങളെ ഒറ്റക്കെട്ടായി പ്രതിരോധിക്കും. ഇന്ത്യയ്ക്കൊപ്പം.
>
> *-സൗദി*
>
> പ്രിയസുഹൃത്ത് മോദിക്കൊപ്പം നിലകൊള്ളുന്നു. ജവാൻമാരുടെ കുടുംബത്തിന്റെ ദുഃഖത്തിൽ പങ്കുചേരുന്നു
>
> *- ഇസ്രയേൽ*

കുതിച്ചുപായാൻ വന്ദേ ഭാരത്

ന്യൂഡൽഹി: ഇന്ത്യയുടെ ആദ്യ സെമി ഹൈ സ്പീഡ് ട്രെയിനായ വന്ദേ ഭാരത് എക്സ്പ്രസ് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്നലെ ഡൽഹിയിൽ ഫ്ലാഗ് ഓഫ് ചെയ്തു.

പുൽവാമ ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ ദുഃഖസാന്ദ്രമായ അന്തരീക്ഷത്തിലാണ് ഫ്ലാഗ് ഓഫ് കർമ്മം നിർവഹിച്ചത്. റെയിൽവേ മന്ത്രി പിയൂഷ് ഗോയലും റെയിൽവേ ബോർഡ് അംഗങ്ങളും ചടങ്ങിനെത്തി.

വന്ദേ ഭാരത് എക്സ്പ്രസിന്റെ നിർമ്മാണത്തിന് പിന്നിൽ പ്രവർത്തിച്ച എൻജിനിയർമാരെയും ഡിസൈനർമാരെയും മോദി അഭിനന്ദിച്ചു. കഴിഞ്ഞ നാലര വർഷമായി ഇന്ത്യൻ റെയിൽവേയെ മെച്ചപ്പെടുത്താനായി ആത്മാർത്ഥമായി ശ്രമിക്കുകയായിരുന്നെന്നും മോദി കൂട്ടിച്ചേർത്തു.

ഡൽഹിയിൽ നിന്ന് വാരണാസിയിലേക്കുള്ള വന്ദേ ഭാരത് എക്സ്പ്രസിന്റെ പരമാവധി വേഗം മണിക്കൂറിൽ 160 കിലോമീറ്ററാണ്. ഒൻപത് മണിക്കൂർ 45 മിനിട്ടുകൊണ്ട് യാത്ര പൂർത്തിയാക്കും. . 1128 പേർക്ക് ഒരേ സമയം യാത്രചെയ്യാം.

രാജ്യത്തെ വിഭജിക്കാൻ അനുവദിക്കില്ല

ന്യൂഡൽഹി: രാജ്യത്തെയും ജനങ്ങളെയും വിഭജിക്കാൻ ലക്ഷ്യമിട്ടുള്ള ഭീകരതയെ ഒന്നിച്ച് ചെറുക്കുമെന്ന് കോൺഗ്രസ് അദ്ധ്യക്ഷൻ രാഹുൽ ഗാന്ധി പറഞ്ഞു. ഭീകരതയ്ക്കെതിരെയുള്ള പോരാട്ടത്തിൽ പ്രതിപക്ഷം കേന്ദ്രസർക്കാരിനൊപ്പം നിൽക്കുമെന്നും രാഹുൽ പറഞ്ഞു. മുൻ പ്രധാനമന്ത്രി മൻമോഹൻസിംഗ്, മുതിർന്ന നേതാക്കളായ എ.കെ. ആന്റണി, ഗുലാം നബി ആസാദ് എന്നിവർക്കൊപ്പം എ.ഐ.സി.സി ആസ്ഥാനത്ത് നടത്തിയ വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു രാഹുൽ. സൈനികർക്കു നേരെയുണ്ടായ ആക്രമണം അസ്വസ്ഥതയുണ്ടാക്കുന്നതാണെന്ന് രാഹുൽ പറഞ്ഞു.

യു.എസിൽ അടിയന്തരാവസ്ഥ

ന്യൂയോർക്ക്: അമേരിക്കയിൽ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. മെക്സിക്കോ അതിർത്തിയിൽ മതിൽ കെട്ടാനാണ് അടിയന്തരാവസ്ഥയെന്ന് ട്രംപ് വ്യക്തമാക്കി. മതിൽ നിർമ്മാണത്തിന് സൈനിക ഫണ്ട് വിനിയോഗിക്കുമെന്നും ട്രംപ് വ്യക്തമാക്കി. അതേസമയം മെക്സിക്കൻ മതിലിന് ഫണ്ട് അനുവദിക്കില്ലെന്ന നിലപാടിൽ പ്രതിപക്ഷ അംഗങ്ങൾ ഉറച്ചുനിൽക്കുകയാണ്.

രാജ്യത്ത് രണ്ട് മാസത്തോളം നിലനിന്നിരുന്ന ഭരണസ്തംഭനം ആവർത്തിക്കാതിരിക്കാനും സർക്കാർ സ്ഥാപനങ്ങളുടെ അടച്ചിടൽ ഒഴിവാക്കാനും അതിർത്തി സുരക്ഷാ ബില്ലിൽ ട്രംപ് ഒപ്പുവച്ചു.

ജയ്റ്റ്‌ലി ധനവകുപ്പിൽ തിരിച്ചെത്തി

ന്യൂഡൽഹി: യു.എസിൽ ചികിത്സയ്ക്ക് ശേഷം തിരിച്ചെത്തിയ അരുൺ ജയ്റ്റ്‌ലി ധനവകുപ്പിൽ ചുമതലയേറ്റു. ജയ്റ്റ്‌ലിയുടെ അഭാവത്തിൽ വകുപ്പിന്റെ താത്കാലിക ചുമതല വഹിച്ച പിയൂഷ് ഗോയലാണ് ഫെബ്രുവരി ഒന്നിന് ഇടക്കാല ബഡ്ജറ്റ് അവതരിപ്പിച്ചത്. ഡൽഹിയിൽ തിരിച്ചെത്തിയ ജയ്റ്റ്‌ലി ഇന്നലെ ജമ്മുകാശ്മീരിലെ ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ ചേർന്ന പ്രതിരോധ ഉപസമിതിയുടെ യോഗത്തിലും പങ്കെടുത്തിരുന്നു. പ്രതിരോധമന്ത്രി നിർമ്മലാ സീതാരാമനൊപ്പം യോഗ തീരുമാനങ്ങൾ മാദ്ധ്യമങ്ങളെ അറിയിച്ചതും ജയ്റ്റ്‌ലിയാണ്. അദ്ദേഹം യു.എസിൽ കാൻസർ ശസ്ത്രക്രിയയ്ക്ക് വിധേയനായെന്ന് റിപ്പോർട്ട് വന്നിരുന്നു. ജനുവരി 13നാണ് യു.എസിലേക്ക് പോയത്.

KFC Kerala Financial Corporation — we finance your dream

TENDER NOTICE

No.KFC/TDR/IT/01/18-19

KFC invites tender for purchase of 4 Desktop computers for KFC / 5 Desktop computers for KFC Care. Details available at www.kfc.org. Last date : 23.02.2019 5pm.

Sd/- DGM(IT)

അന്താരാഷ്ട്ര ആയുഷ് കോൺക്ലേവ്

തിരുവനന്തപുരത്ത്

ayush CONCLAVE

Rebuild Kerala — rebuild.kerala.gov.in

അന്താരാഷ്ട്ര ആരോഗ്യ എക്സ്പോ 2019 ഫെബ്രുവരി 15 മുതൽ 18 വരെ കനകക്കുന്നിൽ

കോൺക്ലേവ് ഉദ്ഘാടനം



ശ്രീ. ജസ്റ്റിസ്. പി. സദാശിവം
ബഹു. കേരള ഗവർണർ

ഫെബ്രുവരി 16 രാവിലെ 10 ന്
നിശാഗന്ധി ഓഡിറ്റോറിയം, തിരുവനന്തപുരം

ആശംസ : **ശ്രീ. ശ്രീപദ് നായിക്** — ബഹു. കേന്ദ്ര ആയുഷ് വകുപ്പ് മന്ത്രി
ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ — ബഹു. ആരോഗ്യ സാമൂഹ്യനീതി വനിതാ ശിശുവികസന വകുപ്പ് മന്ത്രി
ശ്രീ. രമേശ് ചെന്നിത്തല — പ്രതിപക്ഷനേതാവ്
ശ്രീ. വി. ശശി — ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. വി. കെ. മധു — ജില്ലാപഞ്ചായത്ത് പ്രസിഡന്റ്

സമാപനസമ്മേളനം ഉദ്ഘാടനം



ശ്രീ. പിണറായി വിജയൻ
ബഹു. മുഖ്യമന്ത്രി

ഫെബ്രുവരി 19 രാവിലെ 11 ന്
ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയം, തിരുവനന്തപുരം

അദ്ധ്യക്ഷ : **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ** — ബഹു. ആരോഗ്യ സാമൂഹ്യനീതി വനിതാ ശിശുവികസന വകുപ്പ് മന്ത്രി
മുഖ്യാതിഥികൾ : **ശ്രീ. കടകംപള്ളി സുരേന്ദ്രൻ** — ബഹു. ടൂറിസം, ദേവസ്വം, സഹകരണം വകുപ്പ് മന്ത്രി
ശ്രീ. വി. എസ്. സുനിൽകുമാർ — ബഹു. കൃഷി വകുപ്പ് മന്ത്രി

മേയർ, എം. പി, എം. എൽ. എമാർ, ജനപ്രതിനിധികൾ പങ്കെടുക്കുന്നു

nanma

ആയുർവേദം, യോഗ, പ്രകൃതിചികിത്സ, യുനാനി, സിദ്ധ, ഹോമിയോപ്പതി എന്നിവയുടെ വിവിധ സ്പെഷ്യാലിറ്റി ചികിത്സാ രീതികൾ ലോകത്തിന് പരിചയപ്പെടുത്തുന്നു

രജിസ്റ്റർ ചെയ്ത 2000 പ്രതിനിധികൾ, വിദഗ്ദ്ധ ഗവേഷകർ, വ്യവസായ മേഖലയിലെ വിദഗ്ദ്ധർ, സർക്കാർ/സ്വയംഭരണ ഏജൻസികൾ, പ്രവാസി ഇന്ത്യക്കാർ ഉൾപ്പെടെ വിദേശരാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുക്കുന്നു.

- ആരോഗ്യ എക്സ്പോ
- എൽ.എസ്.ജി. ലീഡേഴ്സ് മീറ്റ്
- ഗുഡ് ഫുഡ് കോൺക്ലേവ്
- ഡ്രഗ് പോളിസി വർക് ഷോപ്പ്
- ബിസിനസ് മീറ്റ്
- കർഷക സംഗമം
- സ്റ്റാർട്ടപ്പ് കോൺക്ലേവ്
- കലാപരിപാടികൾ
- സമാപന സമ്മേളനം

കേരള സർക്കാർ — ആയുഷ് വകുപ്പ് — ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വകുപ്പ്

Connect with CM | fb.me/cmokerala | twitter.com/cmokerala | PRD Live Mobile App | /keralainformation | PRD Media Handbook App

പുല്ലമ്പാറ സർവ്വീസ് സഹകരണബാങ്ക്

ക്ലിപ്തം നമ്പർ. 2429
മുക്കുടിൽ പി.ഒ ഫോൺ : 047222829878

വാർഷിക പൊതുയോഗ നോട്ടീസ്

മാന്യ സഹകാരികളേ,

2429-ാം നമ്പർ പുല്ലമ്പാറ സർവ്വീസ് സഹകരണ ബാങ്കിന്റെ വാർഷിക പൊതുയോഗം 2019 മാർച്ച് മാസം 5-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.30 ന് ബാങ്ക് ഹാളിൽ വച്ച് പ്രസിഡന്റ് ശ്രീ. ഇ. അബ്ദുൾ അസീസിന്റെ അദ്ധ്യക്ഷതയിൽ കൂടുന്നതാണ്. ഈ പൊതുയോഗത്തിൽ എല്ലാ എ ക്ലാസ്സ് അംഗങ്ങളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആജ്ഞാനുസരണം,

പുല്ലമ്പാറ
15-02-2019

ഗീത.റ്റി.ആർ
(സെക്രട്ടറി I.C)

കാര്യപരിപാടികൾ

1. ഈശ്വരപ്രാർത്ഥന
2. അനുശോചനം
3. സ്വാഗതം
4. പൊതുയോഗ നോട്ടീസ് വായിച്ചംഗീകരിക്കുക
5. 2018 ജനുവരി 20 ന് കൂടിയ പൊതുയോഗ മിനിട്ട്സ്
6. 2017-18 ലെ പ്രവർത്തനറിപ്പോർട്ട് വായിച്ചു അംഗീകരിക്കുക
7. 2017-18 ലെ വരവു ചെലവ് കണക്ക്
8. ബൈലാ ഭേദഗതി
9. 2019-20 ലെ ബഡ്ജറ്റ്
10. ചോദ്യങ്ങളും പ്രമേയങ്ങളും
11. അദ്ധ്യക്ഷന്റെ അനുമതിയുള്ള ഇതര വിഷയങ്ങൾ
12. 2017-18 ൽ വിജയിച്ച എസ്.എസ്.എൽ.സി, പ്ലസ്ടു വിദ്യാർത്ഥികൾക്കുള്ള ക്യാഷ് അവാർഡ്
13. ഉപസാഹാരം
14. കൃതജ്ഞത

* 2017-18 അദ്ധ്യായനവർഷത്തിൽ എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ ഉയർന്ന മാർക്കു നേടിയ ബാങ്കിലെ എ ക്ലാസ്സ് അംഗങ്ങളുടെ മക്കൾക്ക് ക്യാഷ് അവാർഡ് നൽകുന്നതിനുള്ള അപേക്ഷകൾ മാർക്ക് ലിസ്റ്റിന്റെ പകർപ്പ് സഹിതം ബാങ്കിൽ നിന്ന് ലഭിക്കുന്ന പ്രത്യേക അപേക്ഷ ഫോറത്തിൽ പൂരിപ്പിച്ച് ഫെബ്രുവരി 28-ാം തീയതി വൈകുന്നേരം 4 മണിക്കകം ബാങ്ക് ഓഫീസിൽ നൽകേണ്ടതാണ്.
* പ്രവർത്തനറിപ്പോർട്ടുകളും കണക്കുകളും 22-02-2019 മുതൽ ബാങ്കിൽ നിന്ന് നേരിട്ട് വാങ്ങാവുന്നതാണ്.
* ചോദ്യങ്ങളും പ്രമേയങ്ങളും 28-02-2019 വൈകുന്നേരം 4 മണിക്കകം ബാങ്ക് ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്.
* പൊതുയോഗത്തിൽ പങ്കെടുക്കുന്ന അംഗങ്ങൾ തിരിച്ചറിയൽ കാർഡ് കൊണ്ടുവരേണ്ടതാണ്.

(29-01-2019 ലെ കമ്മിറ്റി അംഗീകരിച്ചത്)

ബൈലാഭേദഗതി

നിലവിലുള്ളത്	ഭേദഗതി	കാരണം
32. ബൈലാ 27 (എ) അനുസരിച്ചു തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളും ഡപ്യൂട്ടി രജിസ്ട്രാറുടെ നോമിനികളും ഉൾപ്പെട്ടതാണ് ഡയറക്ടർ ബോർഡ്.	ബൈലാ 31 (ബി) അനുസരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ മാത്രം ഉൾപ്പെട്ടതാണ് ഡയറക്ടർ ബോർഡ്.	സഹകരണ ആക്ട്, റൂൾ എന്നിവ ഭേദഗതി ചെയ്തതുകൊണ്ട്.
49 (സി) (എ) കടം വാങ്ങുന്ന ആളിന്റെ സ്ഥിര നിക്ഷേപത്തിന്റെ ഉറപ്പിൻമേൽ ഇപ്രകാരമുള്ള വായ്പ സ്ഥിര നിക്ഷേപത്തുകയുടെ 90 ശതമാനത്തിൽ കവിയുവാൻ പാടുള്ളതല്ല.	സ്ഥിര നിക്ഷേപത്തിന്റെ ഉറപ്പിൻമേൽ വായ്പ അനുവദിക്കുന്നതിന് സ്ഥിര നിക്ഷേപതുകയുടെ 80 ശതമാനത്തിൽ കവിയുവാൻ പാടില്ല.	നൽകുന്ന വായ്പയുടെ സെക്യൂരിറ്റി ഉറപ്പാക്കുന്നതിന് വേണ്ടി
49 (സി) എച്ച്. നിലവിലില്ല	ബാങ്കിൽ അംഗത്വമുള്ള കുടുംബശ്രീ, എസ്.എച്ച്.ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപാ വരെ 60 മാസക്കാലാവധി ദൈർഘ്യമുള്ള വിവിധ ഉദ്ദേശ വായ്പകൾ നൽകാവുന്നതാണ്. വായ്പയെ സംബന്ധിച്ച നിബന്ധനകൾ ഭരണസമിതിയുടെ തീരുമാനങ്ങൾക്ക് വിധേയമായിരിക്കും.	സഹകരണ വകുപ്പിന്റെ നിർദ്ദേശമനുസരിച്ചും, ബാങ്കിന്റെ ധനവിനിയോഗ സാധ്യത വർദ്ധിപ്പിക്കാനും.
57 1. (1) ഒരു നിശ്ചിത തുക ഒരു നിശ്ചിത കാലത്തേക്ക് നിക്ഷേപിക്കാവുന്നതാണ്. സ്ഥിരം നിക്ഷേപം 10 രൂപയിൽ കുറഞ്ഞ ഒരു തുകയോ 6 മാസത്തിൽ കുറഞ്ഞ ഒരു കാലാവധിക്കോ സ്ഥിര നിക്ഷേപം സ്വീകരിക്കപ്പെടുന്നതല്ല.	ക്ലാസ്സ് 57 അനുസരിച്ചു ബാങ്കിന് സ്ഥിര നിക്ഷേപം സ്വീകരിക്കാവുന്നതാണ്. നിക്ഷേപത്തിന്റെ കാലാവധി, പലിശ നിരക്ക് ഇവ അതാതുകാലം രജിസ്ട്രാർ പുറപ്പെടുവിക്കുന്ന സർക്കുലറിന്റെ അടിസ്ഥാനത്തിൽ നിജപ്പെടുത്താവുന്നതാണ്.	രജിസ്ട്രാറുടെ ഉത്തരവ് പാലിക്കുന്നതിന്
57 (5) സേവിംഗ്സ് ഏതൊരാളേയും സംഘത്തിൽ ഒരു സേവിംഗ്സ് ഡിപ്പോസിറ്റ് കണക്കും വയ്ക്കുവാൻ ഡയറക്ടർ ബോർഡിന് അനുവദിക്കാം. ഒരാളുടെ പക്കൽ സ്വീകരിക്കാവുന്ന പരമാവധി 2000 രൂപാ ആയിരിക്കുന്നതും യാതൊരു സമയത്തും ഡിപ്പോസിറ്ററുടെ വകയായി 5000 രൂപായിൽ കൂടുതൽ ഉണ്ടായിരിക്കുവാൻ പാടില്ലാത്തതും ആകുന്നു. സേവിംഗ്സ് ഡിപ്പോസിറ്റിൻമേൽ പലിശ ശതമാനത്തിൽ എന്തെങ്കിലും ഒരു തീയതി ബാക്കി നിൽപ്പുള്ള ഏറ്റവും കുറഞ്ഞ ഡിപ്പോസിറ്റ് സംഖ്യയിൽ 2.5 ശതമാനം വീതം കണക്കാക്കാവുന്നതാണ്. ഒരു ഡിപ്പോസിറ്റർ പണം മടക്കി എടുക്കുവാൻ 5 ദിവസത്തെ നോട്ടീസ് സാധാരണയായി കൊടുക്കേണ്ടതാണ്. അപ്രകാരം ഒരാഴ്ചയിൽ 200 രൂപയിലധികം മടക്കി എടുത്തുകൂടാത്തതും ആകുന്നു. കമ്മറ്റി നിശ്ചയിക്കുന്ന വില ചുമത്തി ഓരോ അംഗത്തിനും ഓരോ പാസ് ബുക്ക് കൊടുക്കാവുന്നതാണ്.	ഏതൊരാളെയും സംഘത്തിൽ സേവിംഗ്സ് ഡെപ്പോസിറ്റ് അക്കൗണ്ട് ആരംഭിക്കുവാൻ ഡയറക്ടർ ബോർഡിന് അനുവദിക്കാം. സേവിംഗ്സ് ഡിപ്പോസിറ്റ് ഏറ്റവും കുറഞ്ഞത് 500 രൂപായും പരമാവധി സ്വീകരിക്കാവുന്ന തുകയ്ക്ക് പരിധിയില്ലാത്തതുമാകുന്നു. ഈ നിക്ഷേപത്തിൻമേൽ രജിസ്ട്രാർ പുറപ്പെടുവിക്കുന്ന പലിശ നിരക്കിൽ വർഷത്തിൽ രണ്ട് തവണ പലിശ കണക്കാക്കി നൽകാവുന്നതാണ്. നിക്ഷേപകൻ ആവശ്യപ്പെടുന്ന തുക നിയമവിധേയമായി മടക്കി നൽകേണ്ടതാണ്." സംഘം ഭരണസമിതി നിശ്ചയിക്കുന്ന വിലയ്ക്ക് ഓരോ നിക്ഷേപകനും പാസ്സ്ബുക്ക് നൽകാവുന്നതാണ്.	രജിസ്ട്രാർ പുറപ്പെടുവിച്ച ഉത്തരവുകൾ പാലിക്കുന്നതിന്.

സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ — सेन्ट्रल बैंक ऑफ़ इंडिया — Central Bank of India

കൊച്ചി റീജിയണൽ ഓഫീസ്, മെട്രോ പാലസ്, നോർത്ത് റെയിൽവേ സ്റ്റേഷന് എതിർവശം, കൊച്ചി – 682018
Tel: 0484-2861205, Mobile: 8943338337,
E-mail: recvcochro@centralbank.co.in

അനുബന്ധം- IV A (റൂൾ 8(6) പ്രകാരം)

സ്ഥാവര വസ്തുക്കളുടെ ലേല വിൽപ്പന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 ലെ റൂൾ 8(6) പ്രകാരമുള്ള സ്ഥാവര വസ്തുക്കളുടെ ഇ- ലേല വിൽപ്പന നോട്ടീസ്.
ബാങ്കിൽ പണയപ്പെടുത്തിയ താഴെ കൊടുത്തിരിക്കുന്ന സ്ഥാവര വസ്തുക്കൾ സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയുടെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ കൈവശമെടുത്തിട്ടുള്ളതാണെന്നും വായ്പക്കാരെ/ജാമ്യക്കാരെ /പൊതുജനങ്ങളെ പൊതുവായും അറിയിച്ചുകൊള്ളുന്നു. വായ്പക്കാരായ **ശ്രീലത എം.ബി., ഗായത്രി ബാലകൃഷ്ണൻ & പൂജ ബാലകൃഷ്ണൻ** എന്നിവരിൽനിന്നും സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ **കുമാരപുരം ശാഖയ്ക്ക്** ലഭിക്കാനുള്ള 13-02-2019 ലെ കുടിശ്ശിക തുകയായ **രൂപ 18,37,953/- (പതിനെട്ട് ലക്ഷത്തി മുപ്പത്തിയേഴായിരത്തി തൊള്ളായിരത്തി അൻപത്തി മൂന്ന് രൂപ)** യും പലിശയും മറ്റു ചാർജ്ജുകളും വസൂലാക്കുന്നതിന് വേണ്ടി താഴെ കൊടുത്തിരിക്കുന്ന സ്ഥാവര വസ്തുക്കൾ **"ഇപ്പോൾ എവിടെയാണോ" "എങ്ങിനെയാണോ" "ഏതൊക്കെയാണോ"** എന്നതിന്റെ അടിസ്ഥാനത്തിൽ **11-03-2019** ന് രാവിലെ **10.00** മണിക്കും രാവിലെ **11.00** മണിക്കും ഇടയിൽ വിൽപ്പന നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.
നിരതദ്രവ്യവും മറ്റു രേഖകളും സമർപ്പിക്കേണ്ട അവസാന തീയതി 08-03-2019 വൈകുന്നേരം 5.00 മണിയ്ക്ക് മുമ്പ്.
കരുതൽവില, നിരതദ്രവ്യ തുക എന്നിവ താഴെ വിവരിച്ചിരിക്കുന്നു.

കരുതൽ തുക: **Rs. 36.21 ലക്ഷം**	നിരതദ്രവ്യ തുക: **Rs. 3.62 ലക്ഷം**
ലേല ഉയർത്തൽ തുക: **Rs. 0.40 ലക്ഷം**	

വസ്തുക്കളുടെ വിവരണം: തിരുവനന്തപുരം ജില്ലയിൽ, തിരുവനന്തപുരം താലൂക്കിൽ, പട്ടം വില്ലേജിൽ ശ്രീമതി. എം. ബി. ശ്രീലതയുടെ ഉടമസ്ഥതയിലുള്ള റീ. സർവേ നം. 029/ 207 & 208 ൽ പ്പെട്ട **6.25 സെന്റ് (2.52 ആർസ്)** വസ്തുവും അതിലിരിപ്പ് കെട്ടിടവും അതിലുള്ള സർവ്വവിധ അവകാശങ്ങളും കൂടിയാകുന്നു. **അതിരുകൾ**: **കിഴക്ക്**: റോഡ്; **വടക്ക്**: രാജഗോപാൽ & ശ്രീമതി.മഹേശ്വരി വക വസ്തു; **പടിഞ്ഞാറ്**: ശ്രീ.വേലായുധൻ വക വസ്തു; **തെക്ക്**: നടവഴി.

ലേല വ്യവസ്ഥകളെയും ഉപാധികളെയും പറ്റി കൂടുതൽ അറിയുന്നതിനായി സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയുടെ www.centralbankofindia.co.in & http://bankauctions.in എന്നി വെബ്സൈറ്റുകളിൽ കൊടുത്തിട്ടുള്ള ലിങ്ക് സന്ദർശിക്കുക.

തീയതി: 15-02-2019
സ്ഥലം: കൊച്ചി

(ഒപ്പ്) അധികാരപ്പെട്ട ഉദ്യോഗസ്ഥൻ,
സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ